പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *723 3.11.2011-ൽ മറുപടിയ്ക്ക്

## ഹരിതശ്രീ

| *ചോദ്യം* | | *മറുപടി* |
|---|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ:<br>ശ്രീ. കെ.അജിത്:<br>ശ്രീ. കെ.രാജു:<br>ശ്രീ. ചിറ്റയം ഗോപകുമാർ: | | ശ്രീ. കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഹരിതശ്രീ സംഘങ്ങൾ ഇപ്പോൾ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്;<br><br>(ബി) പ്രസ്തുത സംഘങ്ങൾ മുഖേന പച്ചക്കറി ഉൽപാദനത്തിനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരുന്നത്; ഇവ എപ്പോഴും തുടരുന്നുണ്ടോ; | (എ) & (ബി) | സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന 2007-08-ൽ നടപ്പിലാക്കിയ പച്ചക്കറി വികസന പദ്ധതിയാണ് ഹരിതശ്രീ. ഈ പദ്ധതിയുടെ തുടർച്ചയായിട്ടാണ് 2008-09 മുതൽ ജൈവ ഗ്രാമങ്ങളിലൂടെയുള്ള പച്ചക്കറി കൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്.<br>25-50 കർഷകർ അടങ്ങുന്ന ഗ്രൂപ്പുകൾ ആണ് ജൈവ ഗ്രാമമെന്ന പേരിൽ നിലവിൽ പ്രവർത്തിക്കുന്നത്. 547 ജൈവ ഗ്രാമങ്ങൾ നിലവിൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയും ഭക്ഷ്യ സുരക്ഷ വികസന പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. |
| (സി) ഹരിതശ്രീ പദ്ധതി പ്രകാരം ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും നിലവിൽ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; വിശദമാക്കുമോ? | (സി) | കൃഷി വകുപ്പു മുഖേന നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതികൾ വഴി ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ, അനുബന്ധ ഏജൻസികളായ ഹോർട്ടിക്കോർപ്പും വി.എഫ്.പി.സി.കെ.യും സംഭരിച്ചു വിപണനം നടത്തുന്നതിനുള്ള സംവിധാനങ്ങളുണ്ട്. കൂടാതെ കർഷക ഗ്രൂപ്പുകൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി വിപണന യൂണിറ്റുകൾ ആരംഭിക്കുന്നതിനും വികസന പദ്ധതികൾ മുഖേന ധനസഹായം |

നൽകുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 6 മൊത്ത വ്യാപാര വിപണികളിൽ കൂടിയും പച്ചക്കറികൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

സെക്ഷൻ ഓഫീസർ